# ഇന്ത്യ-അമേരിക്ക ആണവകരാര്‍

■ *ഇന്ത്യ-യു.എസ് ആണവകരാറിനെ ഇന്ത്യന്‍ ജമാഅത്തെ ഇസ്‌ലാമി എതിര്‍ക്കേണ്ടതുണ്ടോ? ഈ കരാറിലൂടെ ഇന്ത്യക്ക് ലോകരാജ്യങ്ങള്‍ക്കിടയില്‍ പ്രാധാന്യം വര്‍ധിക്കുകയല്ലേ ചെയ്യുന്നത്? അമേരിക്കയോടുള്ള നമ്മുടെ എതിര്‍പ്പ് പലപ്പോഴും അന്ധമാകുന്നില്ലേ?*

***എന്‍.പി പള്ളിക്കല്‍***

**ഇ**ന്ത്യ-അമേരിക്ക ആണവകരാര്‍ ഇന്ത്യയുടെ ആണവോര്‍ജ വികസനത്തെ മാത്രം ലക്ഷ്യമാക്കിയുള്ള ഒറ്റപ്പെട്ട കരാറല്ല. പ്രധാനമന്ത്രി മന്‍മോഹന്‍ സിംഗ് വാഷിംഗ്ടണില്‍ ചെന്ന് പ്രസിഡന്റ് ജോര്‍ജ് ഡബ്ലിയു. ബുഷുമായി ഒപ്പുവെച്ച തന്ത്രപരമായ സാമ്പത്തിക- സൈനിക സഹകരണ കരാറിന്റെ ഭാഗം മാത്രമാണത്. കരാര്‍ മൊത്തമായെടുത്താല്‍ താഴെ പറയുന്ന കാര്യങ്ങള്‍ അത് ഉള്‍ക്കൊള്ളുന്നു:

ഭീകരതക്കും തീവ്രവാദത്തിനുമെതിരെ എന്ന പേരില്‍ അമേരിക്ക ഏകപക്ഷീയമായി ആരംഭിച്ചതും ആഗോളതലത്തില്‍ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഉന്നമാക്കുന്നതുമായ ആക്രമണത്തില്‍ ഇസ്രയേലിനോടൊപ്പം ഇന്ത്യയെ കൂടി പങ്കാളിയാക്കുക.

അതിന്റെ തന്നെ ഭാഗമായി ഇറാനെതിരെ ഐക്യരാഷ്ട്രസഭയെ ഉപയോഗിച്ച് അമേരിക്ക ആരംഭിച്ച ഉപരോധത്തിലും ഇനി നടത്താന്‍ പോകുന്ന ആക്രമണത്തിലും ഇന്ത്യയെ പങ്കാളിയാക്കുക. ഇന്ത്യയുടെ താല്‍പര്യങ്ങള്‍ക്ക് എല്ലാ നിലക്കും ഗുണകരമായ ഇറാന്‍-പാകിസ്താന്‍-ഇന്ത്യ ഗ്യാസ് ലൈന്‍ പദ്ധതിയില്‍ നിന്ന് ഇന്ത്യയെ പിന്മാറ്റാനുള്ള ശ്രമവും അതിന്റെ ഭാഗമാണ്. അമേരിക്കയുടെ സമ്മര്‍ദത്തിനു വഴങ്ങി ഇന്ത്യ വാതകപൈപ്പ് പദ്ധതിയില്‍നിന്ന് പിന്മാറിക്കൊണ്ടിരിക്കുന്നു എന്നാണ് ഒടുവിലത്തെ സൂചനകള്‍.

വാള്‍മാര്‍ട്ടിനെ പോലുള്ള ചില്ലറ വ്യാപാരരംഗത്തെ കുത്തകകളെ ഇന്ത്യന്‍ വിപണിയിലേക്ക് കടത്തിവിട്ട് അനേക ലക്ഷം ചെറുകിട കച്ചവടക്കാരെ കുത്തുപാളയെടുപ്പിക്കാനുള്ള അമേരിക്കന്‍ അജണ്ടക്ക് ഇന്ത്യ വിധേയമാവേണ്ടിവന്നതും കരാറിന്റെ ഫലമാണ്.

കടുത്ത പാരിസ്ഥിതിക പ്രത്യാഘാതങ്ങള്‍ ഉളവാക്കുന്ന ആണവ നിലയങ്ങള്‍ തന്നെ വേണം; ജലസ്രോതസ്സുകളും കല്‍ക്കരിയും പാരമ്പര്യേതര ഊര്‍ജ ഉറവിടങ്ങളും കൊണ്ട് സമൃദ്ധമായ ഇന്ത്യയില്‍ എന്ന ശാഠ്യം ദേശീയ താല്‍പര്യങ്ങളേക്കാള്‍ അമേരിക്കന്‍ താല്‍പര്യങ്ങള്‍ മുന്‍നിര്‍ത്തിയുള്ളതാണ്. അനേകം കോടികളുടെ യന്ത്രസാമഗ്രികള്‍ അമേരിക്കന്‍ കമ്പനികളില്‍നിന്ന് ഇറക്കുമതി ചെയ്യാന്‍ കരാര്‍ വഴിയൊരുക്കും. കമീഷന്‍ വകയില്‍ ഇന്ത്യന്‍ദല്ലാളമാര്‍ക്കും രാഷ്ട്രീയക്കാര്‍ക്കും മറിയുന്ന കോടികള്‍ വേറെയും.

ആണവകരാര്‍ ഇന്ത്യയുടെ ആണവവികസന പദ്ധതികളെത്തന്നെ ഗുരുതരമായി പരിമിതപ്പെടുത്തുമെന്ന ഇടതുപക്ഷ-വലതുപക്ഷ വിമര്‍ശനവും കഴമ്പുള്ളതാണ്.

മേല്‍ കാരണങ്ങളാല്‍ ജമാഅത്തെ ഇസ്‌ലാമി മാത്രമല്ല നിഷ്പക്ഷമായി കാര്യങ്ങളെ വിലയിരുത്തുന്നവരും കരാറിനെ എതിര്‍ക്കുന്നു.

## മൗദൂദി സാഹിത്യങ്ങളിലെ മതാന്ധത?

■ *ജമാഅത്തെ ഇസ്‌ലാമിയും പോഷക സംഘടനകളും മൗദൂദിയുടെ ഇസ്‌ലാം മതാന്ധവാദത്തിലധിഷ്ഠിതവും ജനാധിപത്യവിരുദ്ധവുമായ പ്രത്യയശാസ്ത്രം തന്ത്രപൂര്‍വം കേരളീയര്‍ക്കു മുമ്പില്‍ മറച്ചുപിടിച്ച് സ്നേഹസംവാദങ്ങളും ടേബ്ള്‍ ടോക്കുകളും സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയവും പ്രസംഗിച്ച് ഒരു ജനാധിപത്യ പ്രസ്ഥാനം എന്ന രൂപേണ വേഷം കെട്ടിയാടുമ്പോള്‍ ഇതര നാടുകളില്‍ ജമാഅത്ത് സ്വീകരിക്കുന്ന നിലപാടുകള്‍ ഹിംസയിലധിഷ്ഠിതമായ ഇസ്‌ലാമികവത്കരണവും ആധുനിക ജനാധിപത്യ സമൂഹങ്ങളെ മധ്യകാലഘട്ടത്തിലെ ഇരുണ്ട ലോകത്തേക്ക് തിരിച്ചുനടത്താനുള്ള നീക്കങ്ങളുമാണ്- ഡയലോഗ് സെന്റര്‍ വഴിയും ഐ.പി.എച്ച് പുസ്തകങ്ങളിലൂടെയും സ്നേഹസംവാദ പരമ്പരകളിലൂടെയുമൊക്കെ പ്രവര്‍ത്തിച്ചിട്ടും ജമാഅത്തിന്റെ നേരെ മുകളിലുദ്ധരിച്ച ആരോപണങ്ങള്‍ സഹോദര സമുദായാംഗങ്ങളില്‍നിന്നും മറ്റും ഉണ്ടാവുന്നതിന്റെ മൂലഹേതു എന്താണ്? പുറമെ പറയുന്നത് കൂടാതെ ജമാഅത്തിന് ഹിഡന്‍ അജണ്ടയുണ്ട് എന്നല്ലേ ഇതൊക്കെ കേള്‍ക്കുമ്പോള്‍ തോന്നുക? പ്രകോപനപരമായ പരാമര്‍ശങ്ങളടങ്ങിയ മൗദൂദിസാഹിത്യങ്ങള്‍ പരിഷ്കരിക്കേണ്ടതല്ലേ?*

***അഫ്നാന്‍, കവ്വായി, കണ്ണൂര്‍***

**ജ**മാഅത്ത്‌വിരോധം ഞരമ്പു രോഗമായി മൂര്‍ഛിച്ചുപോയ ചില മുസ്‌ലിം സ്യൂഡോ സെക്യുലരിസ്റ്റുകളുടെ അര്‍ഥശൂന്യമായ പ്രചാരണങ്ങളാണ് ഈ ചോദ്യത്തിനാധാരം. സയ്യിദ് അബുല്‍ അഅ്ലാ മൗദൂദിയുടെ രചനകള്‍ ഉര്‍ദു, ഇംഗ്ലീഷ്, അറബി, ഹിന്ദി, മലയാളം മുതല്‍ എല്ലാ ഭാഷകളിലും ലഭ്യമാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസാധനാലയങ്ങള്‍ തന്നെയാണവ പ്രസിദ്ധീകരിക്കുന്നതും. ഈ കൃതികള്‍ വായിച്ചുതന്നെയാണ് തലയും വാലും വെട്ടിയും തട്ടിപ്പുകള്‍ നടത്തിയുമുള്ള വിമര്‍ശകരുടെ പ്രചാരണങ്ങളും. എന്നിരിക്കെ 'തന്ത്രപൂര്‍വം കേരളീയര്‍ക്ക് മുമ്പില്‍ മറച്ചുപിടിച്ചു' എന്ന ആരോപണത്തിനെന്തര്‍ഥം? മേല്‍പറഞ്ഞ ഭാഷകളൊന്നും തിരിയാത്ത മന്ദബുദ്ധികളാണോ കേരളീയര്‍? കേരളത്തിനു പുറത്തും ഇന്ത്യന്‍ ജമാഅത്തെ ഇസ്‌ലാമി മിക്ക സംസ്ഥാനങ്ങളിലും പ്രവര്‍ത്തിക്കുന്നുണ്ട്. അവിടങ്ങളിലൊക്കെ ഡയലോഗ് സെന്ററും സ്നേഹസംവാദവും ഉള്ളതുകൊണ്ടാണോ അമുസ്‌ലിംകളും മുസ്‌ലിംകളുമായ ബുദ്ധിജീവികളും പൊതുപ്രവര്‍ത്തകരും ജമാഅത്തെ ഇസ്‌ലാമിയുമായി പല മേഖലകളിലും സഹകരിച്ചുപ്രവര്‍ത്തിക്കുന്നത്? എഫ്.ഡി.സി.എയുടെ ഭാരവാഹികളും പ്രവര്‍ത്തകരുമായ അമുസ്‌ലിം പ്രമുഖരാരും മൗദൂദിയുടെ

പുസ്തകങ്ങളൊന്നും ഇന്നേവരെ കണ്ടില്ലെന്നാണോ? എങ്കിൽ മതേതരത്വത്തിന്റെ ഉത്തരം താങ്ങിനിർത്തുന്ന നമ്മുടെ നാട്ടിലെ ഗൗളികൾക്ക് 'മതാന്ധത വമിക്കുന്ന മൗദൂദി സാഹിത്യങ്ങൾ' വാങ്ങി ജസ്റ്റിസ് കൃഷ്ണയ്യർ, മുചുകുന്ദ് ദുബെ, സ്വാമി അഗ്നിവേശ് പോലുള്ളവർക്ക് അയച്ചുകൊടുക്കരുതോ?

ഇരുപതാം നൂറ്റാണ്ടിന്റെ പ്രത്യയശാസ്ത്രങ്ങളെന്നറിയപ്പെട്ട മുതലാളിത്തവും മാർക്സിസവും ഒരുപോലെ തകർന്നുതരിപ്പണമാവുകയും മാനവസമൂഹം കടുത്ത ദാർശനിക പ്രതിസന്ധിയെ നേരിടുകയും ചെയ്യുമെന്ന് ദീർഘദർശനം ചെയ്ത പ്രതിഭാധനനാണ് മൗദൂദി. മനുഷ്യരാശിയുടെ ഇഹപര മോചനത്തിന് ദൈവികസന്മാർഗമല്ലാതെ മാർഗമില്ലെന്ന് യുക്തിഭദ്രമായി വിശദമാക്കിയതാണ് അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെടുന്ന 'മതാന്ധത'. ഈ മതാന്ധതക്ക് പകരം വെക്കാൻ നാസ്തിക, മതവിരുദ്ധ, തീവ്ര മതേതരവാദികളുടെ കൈവശം എന്താണുള്ളത്? ലോകം കൈയടക്കാൻ ഇറങ്ങിപ്പുറപ്പെട്ട കമ്യൂണിസ്റ്റ് വിപ്ലവ പ്രസ്ഥാനങ്ങൾ പോലും ആഭ്യന്തര വൈരുധ്യങ്ങൾ മൂർഛിച്ച് സ്വാഭാവിക മരണം വരിച്ചുകൊണ്ടിരിക്കെ ഏകദൈവത്വാധിഷ്ഠിതമായ വിശ്വമാനവികതയും സാമൂഹികനീതിയും ഉദ്ഘോഷിക്കുന്ന മൗദൂദിസാഹിത്യങ്ങൾ പുനഃപരിശോധിക്കേണ്ട ഒരാവശ്യവും ഇല്ല. നന്മയാണ് ആഗ്രഹിക്കുന്നതെങ്കിൽ അവ വായിച്ചു പഠിച്ചു നന്നാവാൻ നോക്കട്ടെ.

## രാമസേതുവും ആദം പാലവും

■ *"മനുഷ്യകുലത്തിന്റെ ആദിപിതാവായ ആദം സ്വർഗത്തിൽനിന്ന് ഭൂമിയിലെത്തി. അദ്ദേഹം ഇണയായ ഹവ്വാ ബീവിയെ അന്വേഷിച്ച് ശ്രീലങ്കയിൽനിന്ന് അടുത്ത രാജ്യമായ ഇന്ത്യയിൽ സഞ്ചരിച്ച് കാലം കുറേ കഴിഞ്ഞപ്പോൾ ജിദ്ദയിൽ എത്തിപ്പെടുകയും അറഫാ എന്ന സ്ഥലത്ത് വെച്ച് ഹവ്വാ ബീവിയെ കണ്ടെത്തുകയും ചെയ്തു. ആദം നബിക്ക് സഞ്ചരിക്കാൻ ദൈവം ശ്രീലങ്കക്കും ഇന്ത്യൻ ഭൂഖണ്ഡത്തിനും ഇടക്ക് മണൽ കൊണ്ട് നിർമിച്ച ഈ ചിറയാണ് ചരിത്രകാരന്മാർ ആദം പാലം (ആദം സേതു) എന്ന് വിശേഷിപ്പിക്കുന്നത്. ആദം നബി ശ്രീലങ്കയിൽ താമസിച്ച കുന്ന് ആദം മലയെന്ന് ഇപ്പോഴും വിശേഷിപ്പിക്കപ്പെടുന്നു. ശതശതാബ്ദങ്ങൾ കഴിഞ്ഞപ്പോൾ ചിറ കടലിനകത്ത് താഴ്ന്നുപോവുകയും ശ്രീലങ്ക-ഇന്ത്യയുടെ ദൂരം കൂടുകയും ചെയ്തു. ഈ വിശ്വാസം ജൂത സമുദായവും ക്രിസ്ത്യാനികളും മുസ്‌ലിംകളും വെച്ചുപുലർത്തുന്നു.........." (മാധ്യമം ദിനപത്രം, പ്രശ്നങ്ങൾ പ്രതികരണങ്ങൾ പംക്തിയിൽ വന്നത്. 2007 സെപ്റ്റംബർ 25).*
*ഈ നിരീക്ഷണത്തിന്റെ യാഥാർഥ്യമെന്താണ്?*

***ടി.പി മുർശിദ്, വളവന്നൂർ***

**ഐ**തിഹ്യങ്ങളും മിഥ്യകളും ഇല്ലാത്ത ഒരു മതസമൂഹവും ഇല്ല. മുസ്‌ലിം ചരിത്രകാരന്മാരും ഗ്രന്ഥകർത്താക്കളും രേഖപ്പെടുത്തിയ ഐതിഹ്യങ്ങളിലൊന്നാണ് ആദിപിതാവ് ആദമിന്റെ ഇന്ത്യൻ അധിവാസം. സ്വർഗത്തിൽനിന്ന് ഭൂമിയിലേക്കിറങ്ങാൻ ആദമിനോട് അല്ലാഹു ആജ്ഞാപിച്ചപ്പോൾ അദ്ദേഹം ആദ്യമായി കാലുകുത്തിയത് ഇന്ത്യയിലായിരുന്നു എന്നും അന്നേരം ആദമിന്റെ കൈകളിലുണ്ടായിരുന്ന സ്വർഗീയ ചെടികൾ ഇന്ത്യൻ മണ്ണിൽ വിതറിയതുകൊണ്ടാണ് ഇന്ത്യയിൽ സുഗന്ധച്ചെടികൾ ഉണ്ടായത് എന്നും പ്രസിദ്ധ പണ്ഡിതനും ഗ്രന്ഥകാരനുമായ ഇബ്നു കസീറിന്റെ (മരണം ഹിജ്റ 774) *ഖസ്വസ്വുൽ അമ്പിയാ* (പ്രവാചക കഥകൾ) എന്ന കൃതിയിൽ ഉദ്ധരിച്ചിട്ടുണ്ട്. ആദമിന്റെ മയ്യിത്ത് ഖബ്റടക്കിയതും ഇന്ത്യയിലാണത്രെ. ചരിത്രാതീത കാലത്തെ ഇത്തരം കഥകൾ കേവലം ഐതിഹ്യങ്ങളാണ്. വായിച്ചു രസിക്കാൻ പറ്റും എന്നല്ലാതെ അതൊക്കെ വിശ്വാസ്യ രേഖകളായി കരുതി ഭൂമിയിൽ കുഴപ്പമുണ്ടാക്കാൻ മതം അനുവദിക്കുന്നില്ല. വെറും ഇതിഹാസ കഥാപാത്രമായ രാമനെച്ചൊല്ലി ഹിന്ദുത്വവാദികൾ രാജ്യത്തിന്റെ ഉറക്കം കെടുത്തുന്നതും വിശ്വാസം കൊണ്ടല്ല, നിക്ഷിപ്ത താൽപര്യങ്ങളുടെ പേരിലാണ്. മുസ്‌ലിംകൾ അതിൽ കക്ഷി ചേരേണ്ട കാര്യമില്ല.

## മുഹർറം പത്ത്

■ *"നബി(സ) മദീനയിൽ വന്നപ്പോൾ മുഹർറം പത്തിന് യഹൂദികൾ നോമ്പനുഷ്ഠിക്കുന്നത് കണ്ടു. നബി അവരോട് ചോദിച്ചു: 'നിങ്ങൾ വ്രതമനുഷ്ഠിക്കുന്ന ഈ ദിവസമേതാണ്?' അവർ പറഞ്ഞു: 'അല്ലാഹു ഫിർഔനെയും പ്രഭൃതികളെയും മുക്കി നശിപ്പിക്കുകയും മൂസാ നബിക്കും തന്റെ ജനതക്കും മോചനം നൽകുകയും ചെയ്ത മഹത്തായ ദിവസമാണിത്. അല്ലാഹുവിനുള്ള നന്ദിസൂചകമായി ഈ ദിവസം നോമ്പനുഷ്ഠിക്കുന്നു'. അപ്പോൾ നബി പറഞ്ഞു: മൂസാ നബിയുടെ മാർഗത്തിൽ നടക്കാൻ നിങ്ങളേക്കാൾ അർഹതപ്പെട്ടവർ ഞങ്ങളാണ്. അങ്ങനെ ആ ദിവസം നബി നോമ്പനുഷ്ഠിക്കുകയും ജനങ്ങളെ അതിന് കൽപിക്കുകയും ചെയ്തു" (വ്രതാനുഷ്ഠാനം, പേജ് 123).*
*ഇത്തരം സുന്നത്തുകൾ തിരുമേനി(സ) സ്വയം സൃഷ്ടിച്ചെടുത്തതാണോ? വഹ്യ് ലഭിക്കാതെയുള്ള നിർദേശങ്ങൾ പ്രവാചകന്മാർക്ക് ഭൂഷണമാകുമോ? ഇത്തരം ഹദീസുകൾ ഹദീസ് നിഷേധികൾക്ക് എന്നും കടിച്ചുതൂങ്ങാൻ വക നൽകുന്നില്ലേ?*

***ഇ.സി റംല, പള്ളിക്കൽ***

**'അ**ദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുകയല്ല, നിശ്ചയമായും ദിവ്യബോധനം ചെയ്യപ്പെടുന്നത് തന്നെയാണത്' എന്ന് ഖുർആൻ സംശയാതീതമായി വ്യക്തമാക്കിയിരിക്കെ വഹ്‌യിന്റെ പിൻബലമില്ലാത്ത ഹദീസുകൾ എങ്ങനെ ഉണ്ടാവാൻ? ദുർബലമോ വ്യാജമോ ആയ പ്രസ്താവനകൾ നബി(സ)യിലേക്ക് ചേർത്തുപറയുന്നത് വേറെ കാര്യം. കള്ള നോട്ടുകൾ യഥാർഥ നോട്ടുകളാവില്ലല്ലോ.

ആഇശ(റ) പറയുന്നു: "ആശൂറാ ദിവസം (മുഹർറം 10) ജാഹിലിയ്യാ കാലത്ത് ഖുറൈശികൾ നോമ്പെടുത്തിരുന്ന ദിനമായിരുന്നു. നബി(സ)യും അന്ന് നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു. അങ്ങനെ മദീനയിൽ വന്നപ്പോൾ തിരുമേനി ആ ദിവസം നോമ്പെടുക്കുകയും ജനങ്ങളോട് നോമ്പെടുക്കാൻ കൽപിക്കുകയും ചെയ്തു. പിന്നീട് റമദാൻ നിർബന്ധമാക്കിയപ്പോൾ തിരുമേനി പറഞ്ഞു: ഇഷ്ടമുള്ളവർക്ക് അന്ന് നോമ്പെടുക്കാം. ഇഷ്ടമുള്ളവർക്ക് ഉപേക്ഷിക്കാം" (ബുഖാരി, മുസ്‌ലിം). അപ്പോൾ യഹൂദികളെ കണ്ട് അല്ല നബി(സ) ആശൂറാ വ്രതം ആരംഭിച്ചതെന്ന് വ്യക്തം. മദീനയിൽ വന്നപ്പോൾ യഹൂദരും ആ ദിവസം നോമ്പനുഷ്ഠിക്കുന്നത് തിരുമേനിയുടെ ശ്രദ്ധയിൽപെട്ടു. അവരോട് അതിന്റെ പശ്ചാത്തലം ചോദിച്ചപ്പോൾ അവർ നൽകിയ മറുപടിയോടുള്ള നബിയുടെ പ്രതികരണമാണ് ചോദ്യത്തിൽ ഉദ്ധരിച്ച ഹദീസിന്റെ ഉള്ളടക്കം. കാര്യം മനസ്സിലാക്കിയാൽ ഹദീസ് നിഷേധിക്കാൻ ഒരു ന്യായവുമില്ല. മക്കയിലായിരുന്നപ്പോഴേ നിർബന്ധപൂർവം നബി(സ) അനുഷ്ഠിച്ചിരുന്ന ആശൂറാ നോമ്പ് മദീനയിലും ഐഛികമായി തുടർന്നത് യഹൂദികൾ പഠിപ്പിച്ചതുകൊണ്ടല്ല.

## വടക്കൻ ഇറാഖിലെ ക്രിസ്ത്യാനികൾ

■ *"വടക്കൻ ഇറാഖിലെ തദ്ദേശീയരായ യസീദി വംശക്കാരെ മുസ്‌ലിം തീവ്രവാദികൾ കൂട്ടക്കൊല ചെയ്യുന്നത് ഇറാഖിലെ എല്ലാ തദ്ദേശീയ ന്യൂനപക്ഷങ്ങളുടെയും വംശനാശത്തിന്റെ ആരംഭമായി വാർത്താ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. മൊസൂളിലും സമീപ പ്രദേശങ്ങളിലും നൂറുകണക്കിന് യസീദി വംശക്കാരെ ബോംബിംഗിലൂടെ കൊലപ്പെടുത്തിയ തീവ്രവാദികൾ നിനവേ സമതലത്തിലുള്ള ക്രൈസ്തവ ഗ്രാമങ്ങളിലേക്കും ആ*

*ക്രമണം വ്യാപിപ്പിക്കാൻ സാധ്യതയുള്ളതായി ഗവൺമെന്റ് വൃത്തങ്ങൾ വാർത്താ മാധ്യമങ്ങളെ അറിയിച്ചു" (വാർത്ത).*

*അധിനിവേശത്തെ പ്രതിരോധിക്കുന്ന സ്വാതന്ത്ര്യപോരാളികൾ തദ്ദേശീയരായ ക്രൈസ്തവരെ കൊന്നൊടുക്കുന്നതിൽ എന്തുണ്ട് ന്യായം?*

***റഹ്മത്ത് അബ്ദുൽ ഖാദിർ***

***എളനാട്, തൃശൂർ***

**സ**ങ്കൽപിക്കാവുന്നതിനുമപ്പുറമാണ് സാമ്രാജ്യത്വദാസ്യം പേറുന്ന മീഡിയയുടെ കുതന്ത്രങ്ങൾ. ഏകാധിപതിയും നിഷ്ഠുരനുമായിരുന്നെങ്കിൽ പോലും സദ്ദാം ഹുസൈന്റെ ഇറാഖിൽ വംശീയ കലാപങ്ങളോ വർഗീയ താണ്ഡവമോ ഉണ്ടായിരുന്നില്ല. ജനാധിപത്യം സ്ഥാപിക്കാനെന്ന പേരിൽ ഇറാഖിൽ കടന്നുകയറിയ അമേരിക്കൻ സഖ്യസേന ബഗ്ദാദിൽ പാവസർക്കാറിനെ ഇരുത്തി കൂത്ത് തുടങ്ങിയതിൽപിന്നെ ഒരു വിഭാഗം ജനങ്ങൾക്കും സുരക്ഷയോ സമാധാനമോ ഇല്ലാതായി. ഭൂരിപക്ഷം വരുന്ന ശീഈകളായാലും രണ്ടാം സ്ഥാനത്തുള്ള സുന്നികളായാലും മൂന്നാം സ്ഥാനത്തുള്ള കുർദുകളായാലും ആയിരങ്ങളാണ് അറുകൊല ചെയ്യപ്പെടുന്നത്. ഇതിനൊക്കെയും ഉത്തരവാദികൾ തീവ്രവാദികളെന്നോ ഭീകരരെന്നോ അമേരിക്ക കുറ്റപ്പെടുത്തുന്നവരല്ല. പോരാളി സംഘങ്ങൾ ലക്ഷ്യമിടുന്നത് അധിനിവേശ സൈന്യത്തെയും കൂട്ടിക്കൊടുപ്പുകാരെയുമാണ്. മൊസാദും സി.ഐ.എയും പണവും ആയുധങ്ങളും കൊടുത്ത് രംഗത്തിറക്കിയ ഭീകര സംഘങ്ങളാണ് കൂട്ടക്കൊലക്ക് ഏറിയ പങ്കും ഉത്തരവാദികൾ. ഈ വസ്തുത പാടെ മറച്ചുവെച്ച് ക്രൈസ്തവ യസീദി വംശജരെ മാത്രം ഇരകളും മർദിതരുമായി അവതരിപ്പിക്കുന്ന മാധ്യമങ്ങൾ ആരുടെ താൽപര്യങ്ങളെയാണ് രക്ഷിക്കുന്നതെന്ന് പറയേണ്ടതില്ല. ഇറാഖിൽ സുന്നി, ശീഈ, കുർദ്, ക്രൈസ്തവ വ്യത്യാസമില്ലാതെ എല്ലാവർക്കും സുരക്ഷയും മൗലികാവകാശങ്ങളും ലഭ്യമാവണം. അതിനാദ്യമായി വേണ്ടത് കൊള്ളക്കാരായി അതിക്രമിച്ചു കടന്നവർ ഇറാഖ് വിട്ടുപോവുകയാണ്. മറ്റൊന്നും പ്രശ്നപരിഹാരത്തിന് വഴിതുറക്കുകയില്ല. ■